**കേരള സർക്കാർ**

നം.10956/എച്ച്2/2018/നിയമം
നിയമ (എച്ച്) വകുപ്പ്,
തിരുവനന്തപുരം, തീയതി, 06/08/2018

# സർക്കുലർ

വിഷയം:-നോട്ടറിമാർ പ്രമാണങ്ങൾ സാക്ഷ്യപ്പെടുത്തുമ്പോൾ
നോട്ടറി സ്റ്റാമ്പ് പതിക്കണമെന്നത് –സംബന്ധിച്ച്.

1959-ലെ കേരള സ്റ്റാമ്പ് ആക്ടിന്റെ 11 (c) വകുപ്പ് പ്രകാരം നൊട്ടേറിയൽ പ്രവർത്തികൾക്ക് അഡ്ഹെസിവ് സ്റ്റാമ്പുകൾ ഉപയോഗിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. പ്രസ്തുത ആക്ടിന്റെ ഷെഡ്യൂളിലെ ക്രമ നമ്പർ 39 പ്രകാരം നൊട്ടേറിയൽ പ്രവർത്തികൾക്ക് നിശ്ചയിച്ചിക്കപ്പെട്ടിട്ടുള്ള ശരിയായ സ്റ്റാമ്പ് ഡ്യൂട്ടി നിലവിൽ 100 രൂപയാണ്.

നോട്ടറിമാർ പ്രമാണങ്ങൾ സാക്ഷ്യപ്പെടുത്തുമ്പോൾ നോട്ടറി സ്റ്റാമ്പ് പതിക്കാതെ നോട്ടറി സീൽ മാത്രം ഉപയോഗിക്കുന്നു എന്നുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിരിക്കുന്നു. സർക്കാരിന് വൻ റവന്യൂ നഷ്ടം ഉണ്ടാക്കുന്ന പ്രസ്തുത പ്രവർത്തി നിയമ പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്. ആയതിനാൽ നോട്ടറിമാർ നൊട്ടേറിയൽ പ്രവർത്തികളുടെ ഭാഗമായി സാക്ഷ്യപ്പെടുത്തലുകളും മറ്റും നടത്തുമ്പോൾ 1959-ലെ കേരള സ്റ്റാമ്പ് ആക്ട് നിഷ്കർഷിക്കുന്ന പ്രകാരമുള്ള തുകയ്ക്ക് സ്റ്റാമ്പ് പ്രസ്തുത പ്രമാണത്തിൽ പതിച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന നോട്ടറിമാരുടെ മേൽ, നിയമം അനുശാസിക്കും വിധം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതും, പ്രസ്തുത പ്രവർത്തി 1952-ലെ നോട്ടറി ആക്ടിന്റെ 10 (d) വകുപ്പ് പ്രകാരം പ്രൊഫഷണൽ മിസ് കോൺടക്റ്റ് ആയി കണക്കിലെടുത്ത് നടപടി സ്വീകരിക്കുന്നതായിരിക്കും എന്നും അറിയിക്കുന്നു.

ബി.ജി.ഹരീന്ദ്രനാഥ്,
നിയമ സെക്രട്ടറി.

എല്ലാ നോട്ടറിമാർക്കും.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

www.eaadharam.in

Scanned by CamScanner